(ബി) 2015 നവംബർ 30 വരെ എത്ര തുകയാണ് ചെലവഴിച്ചത്; ആകെ തുകയുടെ എത്ര ശതമാനം;

(സി) പ്രസ്തുത തുക പൂർണ്ണമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2015-16-ലെ ബഡ്ജറ്റിൽ 622,98,46,000 രൂപയാണ് പദ്ധതി വിഹിതമായി നീക്കി വച്ചിരിക്കുന്നത്.

(ബി) 2015 നവംബർ 30 വരെ മുൻവർഷ നീക്കിയിരുപ്പ് തുക ഉൾപ്പെടെ ആകെ ലഭ്യമായ 52,481.09 ലക്ഷം രൂപയിൽ 16,279.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ ലഭ്യമായ തുകയുടെ 31 ശതമാനമാണ്.

(സി) പരമാവധി തുക വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക

19 (3221) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതികൾക്കായി 2011 മുതൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ബ്ലോക്ക് പഞ്ചായത്തും പ്രസ്തുത കാലയളവിൽ എത്ര തുക ചെലവഴിച്ചുവെന്നും ആയത് പദ്ധതി തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ;

(സി) ഏറ്റവും കൂടുതലും കുറവും തുകകൾ ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനത്തിനായി അനുവദിച്ച തുക നിശ്ചിത സമയത്തിനകം വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2011-12 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2012-13 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

2013-14 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

2014-15 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തുമാണ്.

2015-16 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തുമാണ്.

(ഡി) പദ്ധതി ആസൂത്രണത്തിനും വിനിയോഗത്തിനുമായി പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഫണ്ടുകൾ തവണകളായി ലഭ്യമാക്കുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം നടത്തി ആവശ്യമായ പരിഹാരനിർദ്ദേശങ്ങളും സമയാസമയങ്ങളിൽ നൽകിയിരുന്നു.

പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ് (പുര)

20 (T*3222) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ് (പുര) പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്; ഇതിന്റെ നിർവ്വഹണ ചുമതല ആർക്കാണ്;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കിയവയുടെ പരിപാലന ചെലവ് ആരാണ് നിർവഹിക്കുന്നത്; ഇവയുടെ യൂസർ ചാർജ്ജ് തീരുമാനിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly